പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1291 — 13.12.2012 ൽ മറുപടിയ്ക്ക്

## അരിവില

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. എ.റ്റി. ജോർജ് :
ശ്രീ. എം.പി. വിൻസെന്റ് :
ശ്രീ. റ്റി.എൻ. പ്രതാപൻ :

എ) സംസ്ഥാനത്ത് അരിയുടെ വില വർദ്ധനവ് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

**ഉത്തരം**

ശ്രീ. അനൂപ്ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) റേഷൻകടകൾ വഴി ബി.പി.എൽ/ എ.എ.വൈ കാർഡുടമകൾക്ക് പ്രതിമാസം യഥാക്രമം 25 കി.ഗ്രാം, 35 കി.ഗ്രാം എന്ന കണക്കിൽ ഒരു രൂപ നിരക്കിലും എ.പി.എൽ വിഭാഗത്തിൽപ്പെട്ട 42 ലക്ഷത്തോളം പേർക്ക് 2/- രൂപ നിരക്കിലും അരി വിതരണം ചെയ്തുവരുന്നു. കൂടാതെ OMSS നിരക്കിൽ 20,000 - MT അരി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള അരിയിൽ 5000 ടൺ കിഗ്രാമിന് 19.50 നിരക്കിൽ (പുഴുക്കലരി) സപ്ലൈകോ ഔട്ട്ലെറ്റുകളിൽ കൂടി കാർഡ് ഒന്നിന് പരമാവധി 25 കി.ഗ്രാം നിരക്കിൽ വിതരണം ചെയ്യുന്നതാണ്. ഇതിനു പുറമേ OMSS നിരക്കിൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചുതന്നിരുന്ന 60000 ടൺ അരി, എ.പി.എൽ കാർഡുടമകൾക്ക് 10 കിലോഗ്രാം നിരക്കിൽ കിലോ ഗ്രാമിന് 19.50 നിരക്കിൽ (പുഴുക്കലരി) വിതരണം ചെയ്യുന്നതാണ്. കൂടുതൽ അരി കേന്ദ്രത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുവിപണിയിൽ അരിയുടെ വില നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തോടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആവിഷ്ക്കരിച്ച "അരിക്കട" പദ്ധതി പ്രകാരം വിവിധ ഇനം അരി സപ്ലൈകോ വിൽപ്പനശാലകൾ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. ഈ പദ്ധതിയിലൂടെ മട്ട, ജയ, കുറുവ, പച്ചരി എന്നിവ യഥാക്രമം 16 രൂപ, 21 രൂപ, 19 രൂപ, 16 രൂപ എന്നീ കുറഞ്ഞവിലയിൽ വിതരണം നടത്തി വരുന്നുണ്ട്.

| | |
|---|---|
| ബി) അരിയുടെ ശരിയായ വിതരണം ഉറപ്പു വരുത്തുവാൻ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം;<br><br>സി) ഏതെല്ലാം കാര്യങ്ങളാണ് നിരീക്ഷണത്തിന് വിധേയമാക്കുന്നത്; വിശദമാക്കുമോ; | ബി) & സി) അരിയുടെ പൂഴ്ത്തിവയ്പ്, മറിച്ചു വിൽപന, കരിഞ്ചന്തയിലെ വിൽപന മുതലായവ തടയുന്നതിനും സർക്കാർ സബ്സിഡി നൽകി അനുവദിക്കുന്ന അരി യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് സംസ്ഥാനതലത്തിൽ രണ്ട് ഫ്ളൈയിംഗ് സ്ക്വാഡുകളും ജില്ലാതലത്തിൽ ഓരോന്നും രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് സി.എം.ആർ അരിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും കടത്തിക്കൊണ്ട് പോകൽ തടയുന്നതിനുമായി 10 ഇൻസ്പെക്ഷൻ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അരിയുടെ കൃത്യമായ വിതരണം ഉറപ്പുവരുത്തുന്നതിനുവേണ്ടി സപ്ലൈകോയിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അരിയുടെ വിതരണവും ഗുണമേൻമയും അടക്കമുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>പ്രത്യേക നിരീക്ഷണ സംവിധാനങ്ങളുടെ ഭാഗമായി സപ്ലൈകോ കേന്ദ്ര കാര്യാലയത്തിൽ |

നിന്നുള്ള ഓഡിറ്റ് ടീമുകളും ചില്ലറ വിൽപ്പനശാലകളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ എസ്.പി. റാങ്കിലുള്ള ഒരു വിജിലൻസ് ഓഫീസറുടെ പരിശോധന സംഘവും സപ്ലൈകോയിൽ പ്രവർത്തിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| ഡി) | ഈ സംവിധാനത്തിൻെറ പ്രവർത്തനം വിലയിരുത്തുവാൻ ആരെയാണ് ചുമതലപ്പെടുത്തി യിട്ടുള്ളത്? | ഡി) | നിലവിലെ പൊതുവിതരണ സമ്പ്രദായം കൂടുതൽ കാര്യക്ഷമമവും സുതാര്യവുമാക്കുന്നതിനും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് തലത്തിൽ സമഗ്ര നടപടി സ്വീകരിച്ചുവരുന്നു. എസ്.പി തലത്തിലുള്ള മുതിർന്ന പോലീസ് ഉദ്യോഗസ്ഥനെയാണ് (വിജിലൻസ് ഓഫീസർ) സപ്ലൈകോയിൽ ഈ പരിപാടിയുടെ തലവനായി നിശ്ചയിച്ചിരിക്കുന്നത്. |

Beena

സെക്ഷൻ ഓഫീസർ.